**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4733 14.11.2019 -ൽ മറുപടിക്ക്**

**ചിത്രപ്പുഴ - പോഞ്ഞാശ്ശേരി റോഡ് നിർമ്മാണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ :** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ചിത്രപ്പുഴ - പോഞ്ഞാശ്ശേരി റോഡിന്റെ ഡിഫക്ട്സ് ലയബിലിറ്റി പിരീഡ് അവസാനിക്കുന്നത് എപ്പോൾ എന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.റ്റി.പി.യുടെ റൈഡിംഗ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ആന്റ് മാനേജ്മെന്റ് -3 പാക്കേജിൽ ഉൾപ്പെട്ടു വരുന്ന ചിത്രപ്പുഴ - പൊഞ്ഞാശ്ശേരി റോഡിന്റെ പ്രവൃത്തികൾ 18.12.2013-ന് പൂർത്തിയാക്കുകയും പ്രസ്തുത റോഡിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് (1 വർഷം) 17.12.2014 ന് അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | കരാറുകാരന്റെ നഷ്ടോത്തര വാദിത്തത്തിൽ പ്രസ്തുത റോഡിൽ വാർഷിക മെയിന്റനൻസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം എന്നും ആയതിന് എത്ര തുക ചെലവായിട്ടുണ്ട് എന്നും വിശദമാക്കാമോ; | (ബി) | ഒരു വർഷത്തെ ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുശേഷം കരാറുകാരൻ 5 വർഷം റോഡ് മെയിന്റനൻസ് നടത്തുന്നതിനു കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 5 വർഷത്തെ മെയിന്റനൻസ് പ്രവൃത്തികളുടെ കാലാവധി 2019 ഡിസംബറിൽ അവസാനിക്കുകയാണ്. ഈ കാലയളവിൽ ഒന്നും തന്നെ കരാറുകാരന് മെയിന്റനൻസ് പ്രവൃത്തിയുടെ പണം നൽകിയിട്ടില്ല. |
| (സി) | ഡിഫക്ട്സ് ലയബിലിറ്റി പിരീഡ് അവസാനിപ്പിക്കുന്നതിന് മുമ്പായി റോഡിലെ മുഴുവൻ കുഴികളും അടച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | പ്രസ്തുത റോഡിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് 17.12.2014 ന് അവസാനിച്ചു. മെയിന്റനൻസ് കാലാവധി അവസാനിക്കുന്നതിനു മുമ്പായി കരാറിൽ നിഷ്കർഷിച്ച പ്രകാരമുള്ള മെയിന്റനൻസ് കാലാവധിയിൽ ചെയ്യേണ്ട എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**